LIBRARY ARCHIVES Kerala Legislative Assembly

## ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

*9 [607] ശ്രീ. എം. എ. വാഹീദ് :

,, വർക്കല കഹാർ :

,, എ. പി. അനിൽകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നത്;

(ബി) ഈ പരിപാടികൾ നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്ത് തുക അനുവദിച്ചിട്ടുണ്ട്;

(സി) സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതിക്കുവേണ്ടി എത്ര തുക ചെലവഴിക്കേണ്ടതായി വരും?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പരിപാടികളാണ് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നത്.

(i) 10 കോടി രൂപയുടെ ഒറ്റത്തവണ കേന്ദ്ര സഹായമായി 6860 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന ഒരു സംയോജിത കന്നുകാലി വികസന പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. ഇതിന്റെ ആദ്യപടിയായി 3 കോടി രൂപ ലഭ്യമാക്കി കർഷകർക്ക് പശു, ആട്, കോഴി, താറാവ് എന്നിവയെ വിതരണം ചെയ്യുന്നതിനും പുൽകൃഷിക്കുമുള്ള പദ്ധതിയും 2008-2009 വർഷം മുതൽ നടപ്പിലാക്കി വരുന്നു.

(ii) കോഴിമുട്ടയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഒരു കോടി രൂപയുടെ ഒരു ഫ്ളാഗ്ഷിപ്പ് പദ്ധതി സംസ്ഥാന കോഴി വളർത്തൽ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

(iii) സംസ്ഥാനത്തിന് ആവശ്യമായ കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതിനായി ഒരു പുതിയ കാലിത്തീറ്റ നിർമ്മാണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി കരുനാഗപ്പള്ളിയിൽ പുരോഗമിച്ചുവരുന്നു.

(iv) ഭക്ഷ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സംയോജിത കോഴി വികസന പദ്ധതി 10 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(v) ഇതിനു പുറമേ ക്ഷീര വികസന വകുപ്പ് മുഖേന 6 കോടി രൂപ ചെലവഴിച്ച് വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോത്പാദനവും മിൽക്ക് ഷെഡ് വികസനവും എന്ന പദ്ധതിയും 2 കോടി രൂപ ചെലവഴിച്ച് വ്യാവസായിക അടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ ഉത്പാദന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) ഈ പരിപാടികൾ നടപ്പിലാക്കുന്നതിനായി 10 കോടി രൂപ കേന്ദ്ര ധനസഹായമായി വകകൊള്ളിച്ചിട്ടുള്ളതിൽ 3 കോടി രൂപ ആദ്യ വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ധനസഹായത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ 19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും ദേശീയ പാർക്കുകളും

*10 [608] ശ്രീ. എസ്. രാജേന്ദ്രൻ :
" സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
" വി. ജെ. തങ്കപ്പൻ :
" പി. കൃഷ്ണപ്രസാദ് :
" കെ. സി. കുഞ്ഞിരാമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ കീഴിൽ എത്ര വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും ദേശീയ പാർക്കുകളും പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) ഇവയുടെ സംരക്ഷണത്തിനും വികസനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇതിന് കേന്ദ്ര സഹായമായി എത്ര കോടി രൂപ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മംഗളവനം പ്രകൃതി പഠന കേന്ദ്രത്തിന്റെ പ്രവർത്തനം എന്തെല്ലാമെന്ന് വിശദമാക്കുമോ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) വനം വകുപ്പിന്റെ കീഴിൽ 16 വന്യജീവി സങ്കേതങ്ങളും 5 ദേശീയോദ്യാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മൂന്നെണ്ണം പക്ഷി സങ്കേതങ്ങളാണ്. കൂടാതെ ഒരു കമ്മ്യൂണിറ്റി റിസർവും രൂപീകരിച്ചിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly